ദേശാഭിമാനി 10 February 2026

# കണ്ടൽ കക്കയെ കൃത്രിമമായി വിരിയിച്ച് സിഎംഎഫ്ആർഐ

**കൊച്ചി**

കണ്ടൽ കക്കയെ ഹാച്ചറിയിൽ കൃത്രിമമായി വിരിയിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). മാരികൾച്ചർ വിഭാഗം ശാസ്ത്രജ്ഞരാണ് 'ജിലോയ്ന ഇറോസ്' എന്ന ശാസ്ത്രനാമമുള്ള കക്കയുടെ വിത്തുൽപ്പാദന സാങ്കേതിക വിദ്യ വികസിപ്പിച്ചത്. ലഭ്യത കുറയുന്ന ഇവയെ സംരക്ഷിക്കാനും കൃഷിയിലൂടെ പുതിയ വരുമാനം കണ്ടെത്താനും വഴിതുറക്കുന്നതാണ് പുതിയ നേട്ടം. കണ്ടൽക്കാടുകളിലും കായലോരങ്ങളിലും കണ്ടുവരുന്ന കക്ക ഇനമാണിത്. സംസ്ഥാനത്ത് വടക്കൻ കേരളത്തിലാണ് കൂടുതലായി കാണുന്നത്.



കണ്ടൽ കക്ക

പോഷകഗുണമേറിയ വിഭവമാണിത്. അനിയന്ത്രിതമായ കക്കവാരൽ, മലിനീകരണം, കണ്ടൽക്കാടുകളുടെ നാശം എന്നിവ ലഭ്യത കുറയാനിടയാക്കി. പുതിയ സാങ്കേതികവിദ്യവഴി ഉൽപ്പാദിപ്പിക്കുന്ന കക്കക്കുഞ്ഞുങ്ങളെ കണ്ടൽവനങ്ങളിൽ നിക്ഷേപിക്കുന്നതിലൂടെ വംശനാശഭീഷണി ഒഴിവാക്കാനും ഉൽപ്പാദനം കൂട്ടാനുമാകുമെന്നാണ് പ്രതീക്ഷ.